**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 208** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>കണ്ണൂർ ഗവ.മെഡിക്കൽ കോളേജിലെ മരുന്നുകളുടെയും ഉപകരണങ്ങളുടെയും കുറവ് പരിഹരിക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. വിജിൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ മരുന്നുകളുടെയും ഉപകരണങ്ങളുടെയും ലഭ്യതക്കുറവ് സംബന്ധിച്ച് പരിശോധനകൾ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത മെഡിക്കൽ കോളേജിലെ മരുന്നുകളുടെയും ഉപകരണങ്ങളുടെയും ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന എല്ലാ മെഡിക്കൽ കോളേജ് ആശുപത്രിയിലും, ആശുപത്രി തലത്തിൽ മരുന്നുകളുടെ ലഭ്യത കുറവ് സംബന്ധിച്ച പരിശോധനകൾ നടത്താറുണ്ട്. കണ്ണൂർ മെഡിക്കൽ കോളേജ് ഉൾപ്പെടെ വകുപ്പിന് കീഴിൽ വരുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും എല്ലാ മാസവും (രണ്ടു തവണ) ലഭിക്കുന്ന ആവശ്യമായ മരുന്നുകളുടെയും കെ.എം.എസ്.സി.എൽ വഴി വിതരണം നടത്തുന്ന മറ്റു അനുബന്ധ വസ്തുക്കളുടെയും പട്ടിക കെ.എം.എസ്.സി.എൽ-ന് നൽകുകയും വിതരണം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കെ.എം.എസ്.സി.എൽ വഴി ലഭ്യമല്ലാത്തതും സ്റ്റോക്ക് ഇല്ലാത്തതുമായ അവശ്യമരുന്നുകൾ ലോക്കൽ പർച്ചേസ് മുഖേനയും എച്ച്.ഡി.എസ് ഫണ്ട് മുഖേനയും വാങ്ങുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. മരുന്നുകളുടെ ലഭ്യതക്കുറവ് സംബന്ധിച്ച് പരിശോധനകൾ നടത്തുകയും, ഇവയുടെ ക്ഷാമം പരിഹരിക്കുന്നതിനായി ഫാർമസി ടെക്നിക്കൽ കമ്മറ്റി മുഖേന അടിയന്തിര നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കണ്ണൂർ ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഉപകരണങ്ങളുടെ ലഭ്യതക്കുറവ് നിലവിൽ ഇല്ല.

**സെക്ഷൻ ഓഫീസർ**